# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 20/2020(39),ചൊവ്വാഴ്ച — **തീയ്യതി** 12.05.2020

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 33.9 മുതൽ 37.7 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 24.1 മുതൽ 26.2 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 77 മുതൽ 92 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 51 മുതൽ 70 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.9 മുതൽ 2.6 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 2.1 മുതൽ 9.0 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.4 മുതൽ 5.2 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 13.05.2020 | 14.05.2020 | 15.05.2020 | 16.05.2020 | 17.05.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 6 | 3 | 11 | 12 | 5 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 10 | 10 | 10 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 270 | 270 | 290 | 270 |
| മേഘവ്യാപ്തി (ഒക്ടs) | 7 | 7 | 7 | 8 | 7 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. വൈക്കോൽ,കൊപ്ര,അടയ്ക്ക മുതലായവ മഴ നനയാതെ സൂക്ഷിക്കുക.**മണ്ണിൽ ഈർപ്പം നിലനിർത്താൻ പുതയിടുക

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| തെങ്ങ് | കൊമ്പൻചെല്ലി | തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് തുല്ല്യഅളവിൽ നേർത്ത മണലുമായി (250 ഗ്രാം) ചേർത്ത് കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറക്കുക. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും ഇത് ആവർത്തിക്കേണ്ടതാണ് (ജനുവരി,മെയ്,സെപ്റ്റംബർ,ഒക്ടൊബർ) അല്ലെങ്കിൽ നാഫ്തലിൻ/പാറ്റഗുളികകൾ 120 ഗ്രാം (ഏശദേശം 4 എണ്ണം)45 ദിവസത്തിലൊരിക്കൽ കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നേർത്ത മണലോടുകൂടി മൂടുകയും ചെയ്യാം. അല്ലെങ്കിൽ വളം കുഴികളിൽ മെറ്റാറൈസിയം അനൈസൊപ്ളിയേ (250 മി.ല്ലി. മെറ്റാറൈസിയം കൾച്ചർ+750 മി ല്ലി. വെള്ളം) തളിക്കുക. |
| ജാതി | ഇല പൊഴിച്ചിൽ | ജാതിയിൽ ഇലപൊഴിച്ചിൽ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| വാഴ | പിണ്ടിപ്പുഴു | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണത്തിന് മുൻകരുതലായി 50 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് ഇലക്കവിളുകളിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| ഇഞ്ചി, മഞ്ഞൾ | - | ഇഞ്ചിയും മഞ്ഞളും നടുന്ന സമയമാണ് മൂട് ചീയൽ രോഗം തടയുന്നതിനായി വിത്തിഞ്ചി 0.3% മാങ്കോസെബ്/സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. |
| പച്ചക്കറികൾ | - | പച്ചക്കറികൾ നടുമ്പോൾ മണ്ണിൽ സ്യൂഡോമോണാസ് കൾച്ചർ ചേർക്കുന്നതു വഴി കുമിൾരോഗങ്ങൾ ഒരു പരിധി വരെ തടയാവുന്നതാണ് |